**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4835** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റിലെ കുടിശികയും ഉപരിപഠനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഗ്രാന്റിൽ കുടിശികയുള്ളതിനാൽ ബിരുദ പഠനം പൂർത്തിയാക്കിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടി.സി. നിഷേധിക്കുന്നത് അവരുടെ ഉപരി പഠനത്തെ ദോഷകരമായി ബാധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതിൽ നേരിടുന്ന താലതാമസം കാരണം സ്ഥാപനങ്ങളിൽ നിന്നും ടി. സി നൽകാത്തതു സംബന്ധിച്ച പരാതികളിൽ യഥാസമയം നടപടി സ്വീകരിക്കുകയും വിദ്യാർഥികളുടെ ടി.സി നൽകുന്നതിന് സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി ഈ വർഷം 150 കോടി രൂപ വകയിരുത്തിയതിൽ നിന്നും 30 കോടി രൂപ വിതരണം ചെയ്തിട്ടുമുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയുമാണ്. |
| (ബി) | വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതിൽ നേരിടുന്ന താലതാമസം കാരണം സ്ഥാപനങ്ങളിൽ നിന്നും ടി. സി നൽകാത്തതു സംബന്ധിച്ച പരാതികളിൽ യഥാസമയം നടപടി സ്വീകരിക്കുകയും വിദ്യാർഥികളുടെ ടി.സി നൽകുന്നതിന് സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി ഈ വർഷം 150 കോടി രൂപ വകയിരുത്തിയതിൽ നിന്നും 30 കോടി രൂപ വിതരണം ചെയ്തിട്ടുമുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ